# പതിനാലാം കേരള നിയമസഭ

## രണ്ടാംസമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1580
### 04.10.2016 ലെ മറുപടിയ്ക്ക്

### <u>സർക്കാർ ജീവനക്കാരുടെ ശമ്പളം</u>

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. പി.കെ. ബഷീർ | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | നിലവിൽ സർക്കാർ ജീവനക്കാരുടെ ശമ്പളം ബാങ്കുകൾ വഴിയാണോ നൽകി വരുന്നത്; ഓരോ മാസവും എത്ര രൂപയാണ് ഇത്തരത്തിൽ ബാങ്കുകളിലേക്ക് നിക്ഷേപിക്കുന്നത്; വിശദമാക്കുമോ; | സർക്കാർ ജീവനക്കാർക്ക് അവരുടെ ശമ്പളം ബാങ്ക് അക്കൗണ്ട് മുഖേനയോ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് മുഖേനയോ പണമായോ വാങ്ങുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ശമ്പളയിനത്തിൽ ബാങ്കുകളിലേക്ക് ക്രെഡിറ്റ് ചെയ്യുന്ന തുക ഓരോ മാസവും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും എന്നിരുന്നാലും പ്രതിമാസം ഏകദേശം 1600 കോടിയോളം രൂപ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ശമ്പളയിനത്തിൽ ക്രെഡിറ്റ് ചെയ്യുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ട്രഷറികളിൽ നിക്ഷേപവും ഇടപാടുകളും വർധിപ്പിക്കുന്നതിനായി എ.റ്റി.എം സംവിധാനം ഏർപ്പെടുത്തുവാനും സർക്കാർ ജീവനക്കാരുടെ ശമ്പളം ട്രഷറികൾ മുഖേന നൽകുന്നതിനും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ധനകാര്യവകുപ്പിൽ നടപ്പിലാക്കിവരുന്ന ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി ട്രഷറി അക്കൗണ്ടുകൾ കോർബാങ്കിങ് സംവിധാനത്തിലേക്ക് മാറ്റി വരികയാണ്. ഇത് പൂർത്തിയാകുന്ന മുറക്ക് ജീവനക്കാരുടെ ശമ്പള വിതരണം പൂർണമായും ട്രഷറി അക്കൗണ്ടുകൾ വഴി നൽകണമെന്നതാണ് സർക്കാരിന്റെ നയം. ജീവനക്കാരുടെ തീരുമാനം അനുസരിച്ച് അവരവരുടെ ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേയ്ക്ക് ആവശ്യാനുസരണം പണം ഓൺലൈനായി കൈമാറാവുന്നതാണ്. ഇതിനായുള്ള മുൻകൂർ നിർദ്ദേശങ്ങൾ ഓൺലൈനായി നൽകാനുള്ള സംവിധാനവും ജീവനക്കാർക്ക് ലഭ്യമാക്കുന്നതാണ്. |

| | | |
|---|---|---|
| | | ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് ATM ലൂടെ പിൻവലിക്കുന്നതിനുമുള്ള സൗകര്യം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ട്രഷറികൾക്ക് സ്വന്തമായി ATM സംവിധാനം ഏർപ്പെടുത്തൽ നിലവിൽ പരിഗണനയിലില്ല |
| (സി) | ട്രഷറികളെ മറ്റു ബാങ്കുകളുമായി കോർ ബാങ്കിങ് സംവിധാനത്താൽ ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | ട്രഷറി അക്കൗണ്ടുകളിൽ നിന്നും ഇടപാടുകാർക്ക് ആവശ്യാനുസരണം തുക അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അവിടെനിന്നും ATM വഴി ഇടപാടുകൾ നടത്തുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ